**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് പരുളൂർ സി.ഇ.യു.പി സ്കൂളിലെ അദ്ധ്യാപിക(റിട്ട.) ശ്രീമതി ചന്ദ്രിക ടി.ആർ.ന്റെ അവധി ഒഴിവിലെ സേവനം പെൻഷൻ ആനുകൂല്യങ്ങൾക്ക് കണക്കാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

**സ.ഉ.(സാധാ) നം.2369/2025/GEDN തീയതി,തിരുവനന്തപുരം, 31-03-2025**

പരാമർശം:-
1. പാലക്കാട് പരുളൂർ സി.ഇ.യു.പി സ്കൂളിലെ അദ്ധ്യാപിക(റിട്ട.) ശ്രീമതി ചന്ദ്രിക ടി.ആർ. സർക്കാരിൽ സമർപ്പിച്ച 05/01/2024 തീയതിയിലെ അപേക്ഷ.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 01/08/2024 തീയതിയിലെ പിബി(3)/3998/2024/ഡിജിഇ നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് പരുളൂർ സി.ഇ.യു.പി.സ്കൂളിലെ (റിട്ട) അദ്ധ്യാപിക ശ്രീമതി ചന്ദ്രിക ടി.ആർ.ന്റെ അവധി ഒഴിവിലെ സേവനം പെൻഷൻ ആനുകൂല്യങ്ങൾക്ക് കണക്കാക്കുന്നതിനായി ടിയാൾ സർക്കാരിൽ സമർപ്പിച്ച പരാമർശം (1) അപേക്ഷയിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു.

**2)** പാലക്കാട് പരുളൂർ സി.ഇ.യു.പി.സ്കൂളിൽ നിന്നും അധ്യാപികയായി 31/03/2019-ന് വിരമിച്ച ശ്രീമതി ചന്ദ്രിക ടി.ആർ. തന്റെ പെൻഷൻ ആനുകൂല്യങ്ങൾക്കായുള്ള യോഗ്യതാകാലയളവ് കണക്കാക്കുന്നതിൽ അവധി ഒഴിവിൽ സേവനമനുഷ്ഠിച്ചിരുന്ന 11/06/1987 മുതൽ 14/07/1998 വരെയുള്ള കാലയളവ് സർക്കാർ ഉത്തരവ് നം. (കൈ) 401/2019/ധന തീയതി: 28/10/2019 പ്രകാരം പരിഗണിക്കാത്തതിനാൽ സൂപ്പർ ആനുവേഷൻ കാലയളവായ 01/08/2018 മുതൽ 31/03/2019 വരെയുള്ള കാലയളവ് പരിഗണിക്കാതെ ജനന തീയതി (18/07/1962) പ്രകാരം 3/07/2018-ന് വിരമിച്ചതായി കണക്കാക്കി അവധി ഒഴിവിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവുകൾ കൂടി ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും, എന്നാൽ 06/03/2019 തിയതിയിലെ പി.ആർ-2101928285/പി-2/4/1019422470 നം. വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം

15/07/1988-നു മുമ്പുള്ള അവധി ഒഴിവിലെ സേവനകാലം പരിഗണിക്കാതെ 30 വർഷം 17 ദിവസം യോഗ്യകാലമായി പരിഗണിച്ചാണ് അക്കൗണ്ടന്റ് ജനറൽ പെൻഷൻ അനുകൂല്യങ്ങൾ അനുവദിച്ചത് എന്നും, തുടർച്ചയായ സേവനകാലമായതിനാൽ 11/06/1987 മുതൽ 14/07/1988 വരെയുള്ള സർവ്വീസ് കണക്കാക്കി 31 വർഷത്തെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് 28/12/2022 തീയതിയിൽ അക്കൗണ്ടന്റ് ജനറലിനു ശ്രീമതി ചന്ദ്രിക ടി.ആർ. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും, ടി അപേക്ഷ നിരസിച്ചുകൊണ്ട് അക്കൗണ്ടന്റ് ജനറൽ മറുപടി നൽകിയിരുന്നു എന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. എയ്ഡഡ് സ്കൂൾ ജീവനക്കാരും സർക്കാർ ജീവനക്കാരും റഗുലർ സർവ്വീസിൽ പ്രവേശിക്കുന്നതിന് മുൻപ് എയ്ഡഡ് സ്ഥാപനങ്ങളിൽ അനുഷ്ഠിച്ച അവധി ഒഴിവിലെ സേവനം 10/08/2018 മുതൽ പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്നാണ് സർക്കാർ ഉത്തരവ് നം. (കൈ) 401/2019/ധന തീയതി: 28/10/2019 പ്രകാരം ഉത്തരവായിട്ടുള്ളത്. ഇവിടെ ശ്രീമതി ചന്ദ്രിക ടി.ആർ.ന്റെ ജനന തീയതി 18/07/1962 ആയതിനാൽ ടിയാളുടെ സൂപ്പറാന്വേഷൻ 31/07/2018-നാണ്.

4 ) മേൽ സാഹചര്യത്തിൽ, പാലക്കാട് പരുതൂർ സി.ഇ.യു.പി. സ്കൂളിലെ അദ്ധ്യാപിക(റിട്ട.) ശ്രീമതി ചന്ദ്രിക ടി.ആർ. അവധി ഒഴിവിൽ സേവനമനുഷ്ഠിച്ചിരുന്ന 11/06/1987 മുതൽ 14/07/1998 വരെയുള്ള കാലയളവ് ടിയാളുടെ പെൻഷൻ ആനുകൂല്യങ്ങൾക്ക് കണക്കാക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി, ടിയാൾ സർക്കാരിൽ സമർപ്പിച്ച പരാമർശം (1) അപേക്ഷ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

പകർപ്പ്:-
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

വിദ്യാഭ്യാസ ഡയറക്ടർ, പാലക്കാട്.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പട്ടാമ്പി, പാലക്കാട് ജില്ല.
മാനേജർ, സി.ഇ.യു.പി സ്കൂൾ, പരുതൂർ, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, സി.ഇ.യു.പി സ്കൂൾ, പരുതൂർ, പാലക്കാട്.
ശ്രീമതി ചന്ദ്രിക ടി.ആർ., കുറുവാൻതൊടി, പരുതൂർ പി.ഒ.,
പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്),
തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (B3/65/2024/GEdn)

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 01-04-2025 10:29:21
സെക്ഷൻ ഓഫീസർ